പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 247 — 15/12/2015 ൽ മറുപടിയ്ക്ക്

## ഇ-രേഖാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-രേഖാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. ഇ-രേഖ പദ്ധതി പ്രകാരം സർവ്വേ സംബന്ധമായ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനും, സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ് സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വെ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ? | (ബി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവെ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വെ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം |

ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ സംവിധാനവും നൽകുന്നതിനും 9-ാം എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഭൂരേഖകൾ ജില്ലാതലത്തിൽ ഡിജിറ്റൈസ് ചെയ്യുന്നതിന് 12 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുകയും ഇതിൽ മുഴുവൻ ഡിജിറ്റൈസേഷൻ സെന്ററുകളും പ്രവർത്തന സജ്ജമായിട്ടുള്ളതുമാകുന്നു. ജില്ലാതല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ഏകോപനത്തിനായി തിരുവനന്തപുരത്ത് സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ ജില്ലാതലങ്ങളിലുള്ള റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്.

സെക്ഷൻ ഓഫീസർ